# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1267 — 04/12/2014 ൽ മറുപടിയ്ക്ക്

## വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് നിർമ്മാണം

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാനായി വടക്കഞ്ചേരി പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് 45 ൽ റീസർവ്വേ 28/1, 28/2 ൽപ്പെട്ട 185.25 സെന്റ് ഭൂമി പട്ടികജാതി വകുപ്പിന് നല്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി പട്ടികജാതി വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന വിശദമാക്കുമോ; | ബി) ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല. |
| സി) ഈ ഭൂമി ആവശ്യപ്പെട്ട് കമ്മ്യൂണിറ്റി കോളേജ് പി.ടി.എ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് WP(C)20732/13 പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) ഈ ഭൂമി പട്ടികജാതി വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) ഭൂമി കൈമാറ്റ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ